**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2573** **12.03.2020 ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കിടയിൽ ലഹരിവസ്തുക്കൾ വിതരണം ചെയ്ത വിഷയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കിടയിൽ ലഹരിവസ്തുക്കൾ വിതരണം ചെയ്ത വിഷയത്തിൽ കഴിഞ്ഞ വർഷം എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അറിയിക്കാമോ; | (എ) | ആകെ 31 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ സ്കൂൾ പരിസര പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങളെ ഏതെങ്കിലും കേസിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ ഇത്തരത്തിൽ 5 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതികളെ അറസ്റ്റ് ചെയ്യുകയും പ്രസ്തുത കേസുകളിന്മേൽ ബഹു. കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും വിചാരണ നടപടികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. |
| (സി) | വിദ്യാർത്ഥികൾക്കിടയിൽ പുതിയ മാർഗ്ഗങ്ങളിലൂടെയുള്ള ലഹരിവ്യാപനം തടയാൻ എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് നടത്തുന്നത്; വിശദമാക്കാമോ? | (സി) | വിദ്യാലയ പരിസരത്തെ ലഹരി വ്യാപനം തടയുന്നതിനായി സ്കൂളുകളുടെ പരിസരങ്ങളിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ കർശന നിരീക്ഷണം നടത്തുകയും സംശയാസ്പദമായ രീതിയിൽ കാണുന്ന വിദ്യാർത്ഥികളെയും വ്യക്തികളെയും കുറിച്ച് അന്വേഷണം നടത്തുകയും ചെയ്തുവരുന്നു. ഇതിന്റെ തുടർച്ചയായി പി.റ്റി.എ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുമായി ചേർന്ന് ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നതോടൊപ്പം സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ഒരു എക്സൈസ് |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി നിരീക്ഷണത്തിനായി നിയോഗിച്ചിട്ടുള്ളതുമാണ്. ലഹരി വിരുദ്ധ ക്ലബ്ബുകൾ മുഖാന്തിരം സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നവരെ കണ്ടെത്തി കേസ്സെടുത്തു വരുന്നു. കൂടാതെ ലഹരി വിരുദ്ധ അവബോധത്തിനായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിവിധ തരം ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷിതാക്കളും കുട്ടികളുമായി ചേർന്ന് സ്കൂൾ പരിസരത്ത് ഭവന സന്ദർശനം നടത്തുകയും ചെയ്യുന്നുണ്ട്. എക്സൈസ് ഷാഡോ സംവിധാനത്തെയും, എക്സൈസ് സ്പെഷ്യൽ സ്ക്വാഡിനെയും, ഇന്റലിജൻസ് വിഭാഗത്തെയും ഉപയോഗിച്ച് സ്കൂൾ പരിസരത്ത് ക്രിമിനൽ പശ്ചാത്തലമുള്ളവർ വിദ്യാർത്ഥികളെ വഴി തെറ്റിക്കുന്ന പ്രവണത തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ